പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3238**     **10/12/2018 -ൽ മറുപടിയ്ക്ക്**

## തടഞ്ഞുവെച്ച ശമ്പളം നൽകുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | പ്രൊഫ: സി.രവീന്ദ്രനാഥ് ( പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | 2006 മുതൽ യഥാക്രമം ലിറ്റിൽ ഫ്ളവർ എൽ.പി.എസ്. അയ്യമ്പാറ, സെന്റ് തോമസ് എൽ.പി.എസ് മംഗളഗിരി എന്നിവിടങ്ങളിൽ എൽ.പി.എസ്.എ ആയി നിയമനം ലഭിച്ച് ശമ്പളം വാങ്ങി വന്നവരുമായ ലിന്റാ തോമസ്, ലിനീറ്റാ തോമസ് എന്നിവരുടെ ശമ്പളം തടഞ്ഞുകൊണ്ടുള്ള ഉത്തരവിനെതിരെ സമർപ്പിച്ച പരാതിയിൽ ഡി.പി.ഐ. ഹീയറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ശ്രീമതി ലിന്റാ തോമസ്, ശ്രീമതി ലിനിറ്റാ തോമസ് എന്നിവർ ഫയൽ ചെയ്ത 4696/15- ാം നമ്പർ റിട്ട് ഹർജിയിൽ 16.08.2018-ലെ വിധിന്യായത്തിൽ പരാതിക്കാരെ നേരിൽ കേട്ട് തീർപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 31.10.2018-ന് പരാതിക്കാരെ നേരിൽ കേൾക്കുകയുണ്ടായി. വസ്തുതകൾ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടേറ്റിൽ പുരോഗമിക്കുകയാണ്. |
| ബി) | ഡി.പി.ഐ ഓഫീസിലെ നമ്പർ 17392/എഫ്5/2015 ഫയലിൽ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടാകുന്ന കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ കോപ്പി ലഭ്യമാക്കാമോ; | | |
| സി) | ഇവർക്ക് 2011 ഓഗസ്റ്റ് മുതൽ 2015 ജനുവരി വരെയുള്ള പൂർണ്ണ ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; 2006 മുതലുള്ള ഇൻക്രിമെന്റും ഗ്രേഡും പേ-റിവിഷനും പൂർണ്ണമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | ശ്രീമതി ലിന്റാ തോമസ്, ശ്രീമതി ലിനിറ്റാ തോമസ് എന്നിവരുടെ നിയമനാംഗീകാരം നൽകിയത് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണെന്ന് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ഇവർക്ക് നൽകിയ ശമ്പളം വിദ്യാഭ്യാസ ഓഫീസർമാരുടെ ബാധ്യതയായി കണക്കാക്കുകയും ചെയ്തിരുന്നു. ഓഡിറ്റ് തടസ്സവാദം ഒഴിവാക്കുന്നതിനുള്ള കത്തിടപാടുകൾ നടത്തി വരുന്നു. തടസ്സവാദം പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇവരുടെ ശമ്പളം, ഇൻക്രിമെന്റ്, ഗ്രേഡ്, പേ-റിവിഷൻ തുടങ്ങിയ വിഷയങ്ങളിൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ